പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 7622 15.07.2014 -ലെ മറുപടിക്ക്

**കാവേരി നദീജല നിയന്ത്രണ സമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം.**

ചോദ്യം

ശ്രീ. രാജു എബ്രഹാം

(എ) തമിഴ് നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച 3-6-2014 -ലെ നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള കാവേരി നദീജല നിയന്ത്രണസമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം സംബന്ധിച്ച വിഷയങ്ങളിൽ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലപാട് പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) തമിഴ് നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ചതായി പറയുന്ന 03.06.2014 ലെ നിവേദനത്തിലെ വിശദാംശങ്ങൾ അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. കാവേരി മാനേജ്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഹർജിയുമായി ബന്ധപ്പെട്ട് കേരളം ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധിക്കെതിരെ; സംസ്ഥാനങ്ങൾ ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സിവിൽ അപ്പീലുകളിൽ അന്തിമ തീർപ്പ് ഉണ്ടാകുന്നതുവരെ; തമിഴ്നാടിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ലായെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പ് ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ ബഹു.പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്

നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| (ബി) പ്രസ്തുത നിവേദനത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയാക്കി ഉയർത്താനുള്ള സുപ്രീം കോടതിയുടെ 7-5-2014- ലെ ഉത്തരവ് നടപ്പാക്കുന്നതു സംബന്ധിച്ച മേൽനോട്ട സമിതിയിൽ കേന്ദ്ര ജലക്കമ്മീഷനിൽ നിന്നുള്ള അംഗത്തെ നാമനിർദ്ദേശം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ചുള്ള അഭിപ്രായമെന്താണ്; പ്രസ്തുത നിലപാട് കേന്ദ്ര സർക്കാരിനെയും പ്രധാനമന്ത്രിയെയും അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; | (ബി) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച 07.05.2014 ലെ വിധിന്യായത്തിൽത്തന്നെ മേൽനോട്ട സമിതിയുടെ ചെയർമാനായി കേന്ദ്രജലകമ്മീഷന്റെ പ്രതിനിധിയെ നിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ പ്രത്യേകമായി അഭിപ്രായം അറിയിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. |
| (സി) നെയ്യാർ ഡാമിലെ വെള്ളം വിട്ടുനൽകണമെന്ന തമിഴ് നാട് സർക്കാരിന്റെ വാദം അംഗീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്തുകൂടെ മാത്രമൊഴുകുന്ന നെയ്യാറിലെ വെള്ളം വിട്ടുനൽകണമെന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള നിലപാടുകൾ എന്തൊക്കെയാണ്; ഇതു സംബന്ധിച്ച് സംസ്ഥാനം എടുത്തിട്ടുള്ള നിലപാടുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) നെയ്യാർ ഡാമിലെ വെള്ളം വിട്ടുനൽകണമെന്ന തമിഴ്നാടിന്റെ വാദം കേരളസർക്കാർ അംഗീകരിച്ചിട്ടില്ല. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം; നെയ്യാറിൽ നിന്നും നൽകുന്ന ജലത്തിന് വില ഈടാക്കിക്കൊണ്ടും ഇരു സംസ്ഥാനങ്ങളും തമ്മിൽ കരാറിൽ ഏർപ്പെട്ടുകൊണ്ടും മാത്രമേ തമിഴ്നാടിന് നെയ്യാറിൽ നിന്നും ജലം നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. ഇക്കാര്യത്തിൽ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള പ്രമേയത്തിലെ നിർദ്ദേശങ്ങളും ബാധകമാക്കേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള സർക്കാർ നിലപാട് 17.11.2005- ലെ 23723/ISWC2/2005/WRD കത്ത് പ്രകാരം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ